# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## അധികാരം ശുശ്രൂഷയ്ക്കുള്ളത്: ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി: മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരാണ് സഭയിൽ യഥാർത്ഥ അധികാരം കൈകാര്യം ചെയ്യുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ. പൂർണ്ണവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം നിലനിൽക്കുന്ന കുടുംബങ്ങളിൽനിന്നാണ് സമർപ്പണജീവിതത്തിലേക്കുള്ള ദൈവവിളികൾ ഉണ്ടാകുന്നത്. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരം നിറഞ്ഞു കവിഞ്ഞ വിശ്വാസികളുടെ സാന്നിധ്യത്തിൽ നാലുപേരെ വിശുദ്ധരായി പ്രഖ്യാപിച്ചശേഷം വിശുദ്ധ കുർബ്ബാനമധ്യേ സുവിശേഷസന്ദേശം നല്കുകയായിരുന്നു മാർപാപ്പ.

വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിൻ, സെലിഗ്വരിൻ എന്നിവരെയും ഇറ്റലിയിലെ ക്രമോണെയിൽനിന്നുള്ള പുരോഹിതനായ വിൻചെൻസ്വോ ഗ്രോസി, സമർപ്പിതസഹോദരിയായ അമലോത്ഭവത്തിന്റെ മറിയം എന്നിവരെയുമാണു രാവിലെ പത്തിനു നടന്ന ചടങ്ങിൽ മാർപാപ്പ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തിയത്.

വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട നാലുപേരും എളിമയുടെയും കുരിശിന്റെയും വഴിയിൽ ഈശോയെ അനുഗമിച്ചവരാണെന്നു മാർപാപ്പ ചൂണ്ടിക്കാട്ടി. അതിലൂടെയാണ് ഓരോരുത്തരേയുംകുറിച്ചുള്ള ദൈവികപദ്ധതി പൂർത്തീകരിക്കപ്പെട്ടത്. ആധുനിക കാലഘട്ടത്തിന്റെ പ്രലോഭനങ്ങളായ ഒന്നാം സ്ഥാനത്തെത്തുക, മറ്റുള്ളവരെ ഭരിക്കുക തുടങ്ങിയവ മിശിഹാ പഠിപ്പിച്ചതും മാതൃക കാട്ടിയതുമായ നിശ്ശബ്ദതയിൽ എളിമയോടുള്ള ശുശ്രൂഷയുമായി പൊരുത്തപ്പെട്ടുപോകില്ല. സഹിക്കുന്ന ഈശോയും സഹിക്കുന്ന വിശ്വാസിയും തമ്മിൽ പൊരുത്തമുണ്ട്. ഈശോയുടെ പൗരോഹിത്യം കരുണയുടെയും ആർദ്രതയുടെയുമാണ്. അതുകൊണ്ടുതന്നെ പാപരഹിതനായ ഈശോ പാപികളെ സ്നേഹിച്ചുകൊണ്ടാണു മഹത്വത്തിലേക്കു പ്രവേശിച്ചത്. ഈശോയെ അനുകരിച്ചുകൊണ്ട് എളിമയിലും സ്നേഹത്തിലും മറ്റുള്ളവരെ, പ്രത്യേകിച്ച് പാവപ്പെട്ടവരെയും ചെറിയവരെയും ശുശ്രൂഷിക്കണം. ഈ ശുശ്രൂഷയിലാണു വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട നാലു പേരുടെയും പൊരുത്തം.

വിൻചെൻസ്വോ ഗ്രോസി തീക്ഷ്ണമതിയും ചെറുപ്പക്കാരുടെ ദൗർബല്യങ്ങളിൽ അവരോടു കരുണ കാണിച്ചയാളുമായ ഇടവകവൈദികനായിരുന്നു. അമലോത്ഭവത്തിന്റെ മറിയം പ്രാർത്ഥനയിൽനിന്ന് ലഭിച്ച ശക്തിയാൽ ദുർബലരോട്, പ്രത്യേകിച്ചും പാവപ്പെട്ടവരുടെ മക്കളോട്, കരുണകാണിച്ച സമർപ്പിതസഹോദരിയായിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലിഗ്വരിനും ക്രിസ്തീയ ശുശ്രൂഷചെയ്തതു വിശ്വാസവും സ്നേഹവും നിറഞ്ഞുനിന്ന കുടുംബാന്തരീക്ഷത്തിലാണ്. അവിടെ ജനിച്ചു ജീവിച്ച അഞ്ചു പെൺമക്കളും സമർപ്പണജീവിത്തിലേക്ക്,

നാലുപേർ കർമലീത്താസഭയിലും ഒരാൾ വിസിറ്റേഷൻ സഭയിലും, പ്രവേശിച്ചുവെന്നും മാർപാപ്പ ചൂണ്ടിക്കാട്ടി.

പശ്ചിമേഷ്യയിൽ, പ്രത്യേകിച്ച് വിശുദ്ധനാട്ടിൽ, സംഘർഷാന്തരീക്ഷമാണു നിലനിൽക്കുന്നതെന്നും വെറുപ്പിനോടും പ്രതികാരത്തോടും നിഷേധാത്മകമായി പ്രതികരിക്കാൻ വലിയ ധൈര്യവും നിശ്ചയദാർഢ്യവും ആവശ്യമാണെന്നും സമാപനാശീർവ്വാദത്തിനുമുമ്പ് ത്രികാലപ്രാർത്ഥനയ്ക്കൊരുക്കമായി നല്കിയ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

സീറോ-മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോ-മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ, തൃശ്ശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർപൊന്നുമുത്തൻ എന്നിവർ മാർപാപ്പയോടൊപ്പം വിശുദ്ധ കുർബ്ബാനയിൽ സഹകാർമികരായിരുന്നു. കുടുംബത്തിനുവേണ്ടിയുള്ള വത്തിക്കാൻ സിനഡിൽ ഭാഷാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളുടെ  പതിന്നാലു പൊതുസമ്മേളനങ്ങൾ നടന്നു.